بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 17/07/2015

## (30 RAMADAN 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## EID MUBARAK ! / ഈദ് മുബാറക്ക്

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം പറഞ്ഞു.

## THE TWO FESTIVALS OF MUSLIMS / മുസ്ലീങ്ങളുടെ രണ്ട് ആഘോഷങ്ങൾ

" മുഹമ്മദ് (സ) യുടെ ആത്മീയ കുടുംബത്തിൽപ്പെട്ട നമുക്ക് ഇസ്ലാം അനുവദിച്ച് തന്നിട്ടുള്ളത് രണ്ട് ആഘോഷങ്ങളാണ്. അല്ലാഹു (ത) നൽകിയ കൽപനകളുടെ പൂർത്തീകരണത്തിനൊടുവിലായി, നാം അത് സന്തോഷത്തോടെ ചെയ്തതിന്റെ ഫലമായി അവന്റെ സ്നേഹവും തൃപ്തിയും, എന്ന നിലയിൽ നൽകിയതാണ് ഈ രണ്ട് ആഘോഷങ്ങൾ. ഈ രണ്ട് സന്തോഷ നിമിഷങ്ങളാണ് യഥാർത്ഥത്തിൽ ഈദുൽ ഫിത്റും, ഈദുൽ അദ്ഹായും !

അനുഗ്രഹീതമായ റമദാൻ മാസത്തിനുശേഷമാണ് ഈദുൽ ഫിത്ർ ആഘോഷം. അല്ലാഹുവിനുവേണ്ടി വ്രതമനുഷ്ഠിക്കുകയും, അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം കൊയ്തെടുക്കുവാനുള്ള ഇച്ഛയോടെ, അവനെ തങ്ങളുടെ ഹൃദയത്തിലും ആത്മാവിലും ആവാഹിക്കുവാനുമായുള്ള ഉദ്ദേശത്തോടെ സമർപ്പിച്ച പ്രാർത്ഥനകളുടെയും പുണ്യ പ്രവർത്തികളുടെയും സമാപനത്തിൽ അനുഭവിക്കുന്ന സന്തോഷ സുദിനമാണത്. ഈദുൽ അദ്ഹ അഥവാ വലിയ പെരുനാൾ എന്ന പേരിൽ അറിയപ്പെടുന്ന ആഘോഷം ഹജ്ജ് കർമ്മങ്ങളുടെ പരിസമാപ്തിയിൽ ഹസ്രത് ഇബ്രാഹീം (അ) ന്റെയും ഹസ്രത് ഇസ്മായീൽ (അ)ന്റെയും ത്യാഗോജ്ജ്വലമായ ജീവിതത്തിന്റെ ഓർമ്മകൾ അയവിറക്കുന്ന പുണ്യസുദിനമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒരു മാസത്തെ വ്രതാനുഷ്ഠാനാനന്തരം ഈദുൽ ഫിത്ർ നാം നാളെ ആഘോഷിക്കുകയാണ്. ഇൻശാ അല്ലാഹ് ! ഈ സന്തോഷം അല്ലാഹുവിന്റെ സന്നിധിയിൽ നിന്നും ഒഴുകി വരുന്നതാണ്. നോമ്പുകാരന്റെ ഭക്തിയിൽ നിന്നും ഉടലെടുക്കുന്നതാണിത്. ഒരു ചന്ദ്രമാസം മുഴുവൻ അവൻ അല്ലാഹുവിന്റെ തൃപ്തിക്കായി ത്യാഗം ചെയ്തു. അതിനുള്ള പ്രതിഫലം അല്ലാഹു താൻ തന്നെയാണ് ! എന്ന വാഗ്ദാനം പൂർത്തീകരണം നേടുന്ന ദിനം അതാണ് ചെറിയപെരുനാൾ അഥവാ ഈദുൽ ഫിത്ർ.

**ദൈവദൂതന്മാരുടെ ആഗമനം അല്ലാഹുവിന്റെ സുന്നത്താണ്** ;

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്ലീങ്ങളായ നാം അഹ്മദി മുസ്ലീങ്ങളായി ! അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയിക്കുവാൻ 100 വർഷങ്ങൾക്കുമുമ്പ് ആഗതരായ വാഗ്ദത്ത മസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ ആത്മീയ കുടുംബത്തിലെ അംഗങ്ങളായിരുന്നു.

ദൈവീക അദ്ധ്യാപനങ്ങൾക്കു പകരം സ്വേച്ഛകൾ പിന്തുടരുവാൻ തുടങ്ങുമ്പോൾ, അല്ലാഹു (ത) യുടെ നടപടി ക്രമമാണ്, തന്റെ പക്കൽ നിന്നുള്ള പ്രതിനിധികളെ ദൈവീക ബോധനം നൽകി, ദൈവീക അദ്ധ്യാപനത്തിന്റെ യഥാർത്ഥ സ്ഥിതി പുനഃസ്ഥാപിക്കുക എന്നത്. കരുണാവാരിധിയായ ദൈവം അവരെ

ശിക്ഷിക്കുന്നതിന് മുമ്പ്, ആളെ നിയോഗിച്ച്, യഥാർത്ഥ അദ്ധ്യാപനം കാണിച്ചു കൊടുക്കുക എന്നത് അവന്റെ നടപടി ക്രമമാകുന്നു. അങ്ങനെ അവൻ സത്യ വിശ്വാസികളെ സത്യത്തിലേക്ക് വഴി നടത്തുന്നു. ദൈവീക സന്ദേശം അവരിലെത്തിക്കുന്നു.

കാലാരംഭം മുതൽ തുടരുന്ന നടപടി ക്രമമാകുന്നു. അധികാരത്തിലിരിക്കുന്നവർ, പൊതുജനത്തെ ചൂഷണം ചെയ്യുകയും, തെറ്റിദ്ധരിപ്പിക്കുകയും, വഴികേടിലാക്കുകയും ചെയ്യുന്നതുകൊണ്ടാണ് അവൻ തന്റെ ഈ നടപടി ക്രമം തുടരുന്നത്. അതുകൊണ്ടാണ് റൂഹുൽ ഖുദ്സുമായി അവൻ ആളെ നിയോഗിച്ചുകൊണ്ടിരിക്കുന്നത്. അവൻ അവർക്ക് നൽകുന്ന ദൈവീക പ്രകാശത്തെ ആശ്ലേഷിക്കുവാനും, ദൈവ തൃപ്തി കരസ്ഥമാക്കുവാനുമുള്ള വഴിയായി, ഈ സന്ദേഷ വാർത്തയുമായി അവൻ തന്റെ നിയോഗിതരെ അയച്ചുകൊണ്ടിരിക്കുന്നത്.

ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെ മൊത്തത്തിൽ കളങ്കപ്പെടുത്തുകയും പണ്ഡിത വർഗ്ഗം ദുഷിക്കുകയും ചെയ്തപ്പോൾ അല്ലാഹു (ത) തന്റെ മസീഹ് ഹസ്രത് മിർസാം ഗുലാം അഹ്മദ് (അ) നെ നിയോഗിക്കുകയുണ്ടായി. വാഗ്ദത്ത മസീഹ് ജീവിച്ചിരുന്നപ്പോൾ, റൂഹുൽ ഖുദ്സു ഇറങ്ങിക്കൊണ്ടിരുന്നപ്പോൾ, തന്റെ ജമാഅത്ത് സംശുദ്ധമായിരുന്നതുപോലെ, എന്നും അത് സംശുദ്ധമായി തുടരുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ ?

**ഈ നൂറ്റാണ്ടിലെ യഥാർത്ഥ വിശ്വാസികളുടെ ഈദ് ഒരു ദൈവീക ദൃഷ്ടാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു:–**
ജനങ്ങൾ ഒരു ജമാഅത്ത് രൂപീകരിക്കുന്നു. ജനം അഴിമതിയിൽ മുങ്ങി കുളിക്കുന്നു; വിശിഷ്യാ ആത്മീയ നേതാക്കന്മാരും അവരെ പിൻതാങ്ങി നിൽക്കുന്നവരും ! നിങ്ങൾ വിചാരിക്കുന്നുണ്ടോ ? അല്ലാഹു വെറുതെയിരിക്കുമെന്ന് ! അല്ലാഹു തന്റെ വിശ്വസ്ത പ്രവാചകന്മാരിലൂടെ സ്ഥാപിച്ച യഥാർത്ഥ ദീനിനെ സംരക്ഷിക്കുവാൻ തന്റെ പ്രതിനിധിയെ നിയോഗിക്കുകയില്ലെന്ന് ? അല്ലാഹുവിൽ വിശ്വസിക്കുകയും സകലതും സമർപ്പിക്കുകയും ചെയ്ത വിശ്വാസികൾക്ക് ഈദായി അവൻ ആളെ നിയോഗിക്കില്ല എന്നു കരുതുകയാണോ ? അങ്ങനെ നിയോഗിക്കുന്നവരെ അംഗീകരിക്കുവാനും സ്വീകരിക്കുവാനും ദൈവീക ദൃഷ്ടാന്തങ്ങളിൽ സന്തോഷിക്കുവാനുമായി കാത്തിരിക്കുന്നവർ ഉണ്ടെന്ന് നിങ്ങൾക്കറിയില്ലേ ? അത്തരത്തിലുള്ള ദൈവദൂതൻ, തന്റെ മുൻ പ്രതിനിധികളുടെ മാന്യത കാത്തുസൂക്ഷിക്കുകയും, അധ്യാപനങ്ങൾ സംരക്ഷിക്കുകയും ചെയ്യുമെന്നും നിങ്ങൾക്കറിയില്ലേ ? അത്തരം ആൾക്കാർ ദൈവീക നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ആയത് വെളിപാടുകളിലൂടെയും, യഥാർത്ഥ സ്വപ്നങ്ങളിലൂടെയും, ദർശനങ്ങളിലൂടെയായിരിക്കുമെന്നും നിങ്ങൾക്കറിയില്ലേ ?

എന്റെ പ്രിയരേ, അത്തരം ഒരു ദൂതൻ നിങ്ങൾക്കു വന്നിരിക്കുന്നുവെന്ന് നിങ്ങൾ അറിയുന്നില്ലേ ? നിങ്ങളുടെ ആത്മീയത ഉയർത്താൻ അല്ലാഹുവുമായുള്ള നിങ്ങളുടെ ബന്ധം അരക്കിട്ടുറപ്പിക്കുവാൻ ! അത്തരം ഒരു ദൂതനെ അല്ലാഹു തെരഞ്ഞെടുത്തിരിക്കുന്നു. ജനങ്ങൾ വോട്ട് ചെയ്ത് തെരഞ്ഞെടുത്തതല്ല. അവരുടെ നേതാവായിരിക്കുവാൻ! ജനങ്ങൾ തെരഞ്ഞെടുക്കുന്ന ഒരു താത്ക്കാലിക ആത്മീയ നേതാവും, റൂഹുൽ ഖുദ്സുമായി അല്ലാഹു നിയോഗിക്കുന്ന അല്ലാഹുവിന്റെ ദൂതനുമായി വളരെ വലിയ അന്തരമുണ്ട് എന്ന് നിങ്ങളറിയണം.

നിങ്ങൾ മനസ്സിലാക്കണം! വാഗ്ദത്ത മസീഹ് (അ) മനസ്സിലാക്കിയിട്ടുള്ളത് അദ്ദേഹം മാത്രമല്ല വാഗ്ദത്ത മസീഹ് എന്നാണ്! മറ്റ് വാഗ്ദത്ത മസീഹ്മാരും (പതിനായിരത്തിൽ കൂടുതൽ) വരുന്നതാണ്; അവരെല്ലാം വാഗ്ദത്ത മസീഹിന്റെ സത്യതയെ സ്ഥാപിക്കുന്നവരും, ജനങ്ങളെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്നവരുമാണ്. അല്ലാഹുവിന്റെ കൽപ്പനകളെ വിശദീകരിക്കുവാനാണ് ഈ ദൈവീക മനുഷ്യർ ആഗതരാകുന്നത്! ജനങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് പറയുവാനല്ല. ജനങ്ങൾ അവരെ തിരസ്ക്കരിക്കും ; എന്നാൽ അല്ലാഹുവും ബുദ്ധിമാന്മാരും അവരെ തിരസ്ക്കരിക്കുകയില്ല.

അല്ലാഹുവിന്റെ ഇച്ഛയാൽ എപ്പോഴും അന്ധകാരത്തെ തകർത്ത് പ്രകാശം പരത്തുന്നതാണ്:- മുൻ വെള്ളിയാഴ്ച ഖുത്തുബകളിൽ ഞാൻ വിശദീകരിച്ചതുപോലെ, ദൈവദൂതന്റെ കാലഘട്ടം അന്ധകാരത്തിന്റെ കാല

മാണ്. അപ്പോൾ ദൈവീക പ്രകാശം, സത്യപ്രകാശം സ്വർഗ്ഗത്തിൽ നിന്ന് വരുകയും, അത് അന്ധകാരത്തിൽ നിന്ന് വെളിച്ചത്തിലേക്ക് ജനങ്ങളെ കൊണ്ടെത്തിക്കുകയും ചെയ്യുന്നതാണ്. അസത്യം തകർന്നു വീഴുകയും സത്യപ്രകാശം ആകാശത്തും ഭൂമിയിലും പരക്കുകയും ഒരു പ്രത്യേക പ്രകാശത്താൽ വാനവും ഭൂമിയും നിറയുകയും ചെയ്യുന്നതാണ്. ആ പ്രകാശാഗമനം, ആ ദൈവദൂതന്റെ ആഗമനം, അതിനെ സ്വാഗതമോതുന്നവർക്ക് അതൊരു പെരുനാൾ ആണ്. ഞാനിതാ ഇവിടെ അല്ലാഹുവിലേക്ക് വിളിക്കുന്നു; അവരുടെ സമസ്തവും അല്ലാഹുവിന് സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നു. ഭൂമിയിൽ അല്ലാഹുവിന്റെ ദൂതൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം, അവന്റെ ചുറ്റും അല്ലാഹുവിന്റെ സന്ദേശം വ്യാവിപ്പിക്കുന്നിടത്തോളം, ആ സന്തോഷം നിലനിൽക്കുന്നതാണ്. ഈ സന്ദേശം വ്യാവിപ്പിക്കുന്നതിന്, അദ്ദേഹം പല രീതികളും പല മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തുന്നതാണ്. ജനങ്ങൾ അവ വിനയത്തോടെയും സന്തോഷത്തോടെയും സ്വീകരിക്കട്ടെ ! എതിർപ്പും വിമുഖതയും കാട്ടാതിരിക്കട്ടെ !

തന്റെ ദാസന്മാരിലാർക്കെങ്കിലും ഒരാൾക്ക് സത്യത്തെ പ്രകാശിപ്പിക്കുകയും, അവനെ അനുഗ്രഹീതനാക്കുകയും, തന്റെ തെരഞ്ഞെടുത്ത ദൂതനിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുമ്പോൾ ലോകം അതാ ഭ്രാന്തമയമായി മാറുന്നു; എന്നാൽ ദൂതനും അനുയായികളും അങ്ങനെയല്ല! ഈ വാക്കുകളെക്കുറിച്ച് ചിന്തിക്കുക ! എന്നിട്ട് പ്രാർത്ഥിക്കുക. ഇൻശാ അല്ലാഹ്. അല്ലാഹു (ത) അവന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി, ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഖലീഫയുടെ സാന്നിദ്ധ്യത്തിൽ തന്നെ, അവൻ തന്റെ ദൂതനെ നിയോഗിക്കുമ്പോൾ, അത് മനസ്സിലാക്കുവാനുള്ള ഗ്രഹണശേഷി നൽകി അല്ലാഹു നിങ്ങളെ അനുഗ്രഹീക്കട്ടെ ! ദൗർഭാഗ്യവശാൽ ജനങ്ങൾ തെരഞ്ഞെടുത്ത നേതാവിന്റെ കൂടെ, ജനങ്ങളിൽ അധികംപേരും, പോകുന്നതായി കാണുന്നു. ഒരു ദൈവദൂതന്റെ സ്ഥാനത്തേക്കവർ അദ്ദേഹത്തെ ഉയർത്തുകപോലും ചെയ്യുന്നു; ഇത് അവരുടെ തെറ്റായ വ്യാഖ്യാനങ്ങൾ മാത്രമാണ്! വിശുദ്ധ ഖുർ ആന്റെ വചനങ്ങളെ അവർ വളച്ചൊടിക്കുന്നു. ജനങ്ങൾ തെരഞ്ഞെടുത്ത നേതാവും അല്ലാഹു നിയോഗിക്കുന്ന ഖലീഫയും തമ്മിൽ വളരെ വലിയ അന്തരമുണ്ട്. രണ്ട് പേരും തെരെഞ്ഞടുക്കപ്പെട്ടവരാണ്. എന്നാൽ ഒരാളോടൊപ്പം ദൈവീക പ്രകാശവും, റൂഹുൽ ഖുദ്സിന്റെ പിൻതാങ്ങലുമുണ്ട്. എന്നാൽ വളരെ കുറച്ച് പേർ അദ്ദേഹത്തിൽ വിശ്വസിക്കുകയും ബഹുഭൂരിഭാഗവും നിഷേധിക്കുകയും ചെയ്യുന്നു. ഭൂമിയിൽ അദ്ദേഹത്തിന്റെ ദൗത്യം അവസാനിക്കാറാകുന്നതുവരെയും, അഥവാ അദ്ദേഹത്തിന്റെ മരണശേഷം ജനങ്ങളുടെ കണ്ണുകളിൽ ഉണ്ടായിരുന്ന മറകൾ നീങ്ങുകയും, അപ്പോൾ അവർ കൂടുതൽ നന്നായി ദൈവീക അടയാളങ്ങളും, ദൃഷ്ടാന്തങ്ങളും അല്ലാഹു (ത) തന്റെ ദൂതന് നൽകിയത്, കാണുകയും ചെയ്യുന്നതാണ്.

നിങ്ങളിലുള്ള സംശയങ്ങളുടെയും തോന്നലുകളുടെയും മാറാലകൾ അല്ലാഹു നീക്കം ചെയ്യട്ടെ ! അതുപോലെ നിങ്ങളുടെ ഹൃദയങ്ങളിൽ ആഴ്ന്നിറങ്ങിയ ഭയവും അല്ലാഹു നീക്കം ചെയ്യട്ടെ. ഭയപ്പാടുള്ള മനുഷ്യൻ നിങ്ങളെ ഭ്രാന്തനെന്നു വിളിക്കാം. ചിന്താ ശൂന്യനെന്ന് വിളിക്കാം. എന്നാൽ ഒരു പക്ഷേ, സത്യം തോന്നലുകളുടെ ആവരണത്തിൽ ശ്വാസംമുട്ടി കിടക്കുകയായിരിക്കാം. നിങ്ങൾ ഒരു മാനസിക രോഗിയായിരുന്നു എന്ന് നിങ്ങൾ കരുതുകയും ഇപ്പോൾ സുഖപ്രപ്തിയിലെത്തിയിരിക്കുന്നുവെന്നും കരുതുക. എന്നാൽ എല്ലാ കാര്യങ്ങളിലും ഭ്രാന്തോ, തോന്നലുകളോ ആയിക്കൊള്ളണമെന്നില്ല. അല്ലാഹു (ത) തെരഞ്ഞെടുക്കുന്ന ദൂതന്റെ കാര്യത്തിൽ ലോകം മുഴുവൻ നിരസിച്ചാലും അയാൾ ഭ്രാന്തനായി കൊള്ളണമെന്നില്ല. തോന്നലുകൾ ഒക്കെ അപ്രത്യക്ഷമാകും! സമയമാകുമ്പോൾ ഭ്രാന്തനായ ദൂതന്റെ സത്യം പുറത്തു വരിക തന്നെ ചെയ്യും. ജനഹിതത്തിനപ്പുറം അല്ലാഹുവിന്റെ ഹിതം വിജയിക്കുന്നതു കാണാം. ഇൻശാ അല്ലാഹ് ! സത്യം വെളിവാകുന്ന സമയം അല്ലാഹു (ത) വേഗത്തിൽ ആക്കിത്തീർക്കട്ടെ; അങ്ങനെയായാൽ അല്ലാഹുവിന്റെ സത്യതയിലും അനുഗ്രഹങ്ങളിലും ഭയരഹിതമായ നിലയിൽ ലോകത്തിന് സന്തോഷിക്കാം ഇൻശാ അല്ലാഹ് !

**റമദാൻ പരിസമാപ്തിയിൽ ദൈവീക ദൃഷ്ടാന്തം :-**

ഇന്നലെ, ഫജ്ർ സമയത്ത്, അതായത് 2015 ജൂലൈ 16 വ്യാഴാഴ്ച (29 റമദാൻ 1436) ദിക്ക്റിലായിരിക്കുമ്പോൾ, നമ്മുടെ ജമാഅത്തിൽ പ്രവേശിച്ച ഒരു പുതിയ സഹോദരിക്ക് ഒരു വെളിപാട് ലഭിക്കുകയുണ്ടായി. അല്ലാഹു (ത) അവർക്ക് മനസ്സിലാക്കിക്കൊടുത്തു. അതായത് ഈ സന്ദേശം സദ്ർ സാഹിബയ്ക്കും കുടുംബത്തിനും ഉള്ളതാണ് എന്ന് - അതായത് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനുള്ളതാണെന്ന് ! അവർ അല്ലാഹുവിനോട് ദു ആ ചെയ്തു കൊണ്ടിരിക്കുമ്പോൾ, പെട്ടെന്ന്, അവരുടെ കൺപോളകൾ ഘനം തൂങ്ങിയതായും അതുകൊണ്ട് തന്നെ അടയുന്നതായും തോന്നുകയും തുടർന്ന് ഒരു ശബ്ദം (ദൈവീക ശബ്ദം) ഇംഗ്ലീഷിൽ പറയുന്നു. (സന്ദേശം ഞങ്ങൾക്ക് തരുവാനായി) **"നിർണ്ണായകവും സ്മരണീയവുമായ ഈദ് ദിനത്തിൽ, നിങ്ങളും നിങ്ങളുടെ കുടുംബവും അനുഗ്രഹത്തിനുമേൽ അനുഗ്രഹത്തിലായിരിക്കും. നിങ്ങൾക്ക് ഒരു കാര്യത്തിലും ഒരു കുറവും വരുത്തുന്നതല്ല; എല്ലാ കാര്യത്തിലും നിങ്ങൾക്ക് നിറവു തന്നെയായിരിക്കും - പൂർണ്ണ ചന്ദ്രനെപോലെ - രക്ഷകനായ അല്ലാഹു സത്യമായും!"**

**ഈദ് മുബാറക്ക് ആശംസകളും പ്രാർത്ഥനയും :-**

റമദാൻ അവസാനിച്ചുകൊണ്ടിരിക്കുന്നു. ഇനി മണിക്കൂറുകൾ മാത്രമാണുള്ളത് ! എല്ലാ മുസ്ലീം സഹോദരീ സഹോദരന്മാർക്കും കുട്ടികൾക്കും - അഹ്മദി മുസ്ലീങ്ങൾക്കും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ അനുചരന്മാർക്കും ഞാൻ ഈദ് ആശംസകൾ നേരുന്നു. നിങ്ങളുടെ വരുംദിനങ്ങളെല്ലാം ആത്മീയ സന്തോഷത്താൽ പെരുനാൾ ദിനങ്ങളായിരിക്കട്ടെ ; നിങ്ങൾ ഓരോരുത്തരും അല്ലാഹുവിനായി സമർപ്പിച്ചതിലൂടെ, നിങ്ങൾ ആർജ്ജിച്ച പരിശീലനങ്ങൾ, ദൈവീക ദൃഷ്ടാന്തങ്ങൾ വ്യാവിപ്പിക്കുന്നതിനായി തീരട്ടെ! എവിടെ സമർപ്പണമുണ്ടോ അവിടെ ധാരണാ ശക്തി കൂടുന്നു. അല്ലാഹുവിന്റെ മാർഗ്ഗങ്ങളിൽ (അല്ലാഹുവിന്റെ സുന്നത്തിൽ) ധാരണാ ശക്തി എവിടെയുണ്ടോ, അവിടെ അവന് സത്യവും അസത്യവും വിവേചിച്ചറിയുവാൻ കഴിയുന്നു; അല്ലാഹുവിന്റെ പ്രകാശവും, സത്യാന്വേഷകരെയും പൊതുജനത്തെയും അപകടപ്പെടുത്തുന്ന പിശാച് സൃഷ്ടിക്കുന്ന അന്ധകാരവും, തിരിച്ചറിയുവാൻ കഴിയുന്നു. എന്തു തന്നെ വന്നാലും അല്ലാഹുവിൽ നിന്നെത്തിയ സത്യപാശത്തെ മുറുകെപ്പിടിക്കുകയും പിശാചിന്റെ മാർഗ്ഗത്തെ വലിച്ചെറിയുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ!

**Translated & Issued By**

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************